കേരളീയം

# പരസ്പരാനന്ദ ജീവിതത്തിന്

ആലപ്പുഴ ജില്ലയിലെ കഞ്ഞിപ്പാടം വർഷങ്ങളായി വലിയൊരു പരീക്ഷണവേദിയാണ്. ഡി. പങ്കജാക്ഷക്കുറുപ്പ് എന്ന മനുഷ്യസ്നേഹിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ തന്നെ കണ്ടെത്തലായ 'അയൽക്കൂട്ടം' വിജയകരമായി നടത്തുന്ന സ്ഥലമാണിവിടെ. ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി എന്നാണ് കുറുപ്പിന്റെ ആശയങ്ങളുടെ കാതൽ. ഈ ആശയങ്ങൾ പ്രചരിപ്പിക്കാനായി ദർശനം എന്നൊരു മാസികയും അദ്ദേഹം നടത്തുന്നു.

ഇപ്പോൾ ആമ്പലപ്പുഴ ബ്ലോക്കിലെ അഞ്ചു പഞ്ചായത്തുകളിൽ പരസ്പരാനന്ദജീവിതം ലക്ഷ്യമാക്കിയിട്ടുള്ള ഒരു ശ്രമത്തിന് തുടക്കമിട്ടിരിക്കുകയാണ് പങ്കജാക്ഷക്കുറുപ്പും ദർശനം സുഹൃത്തുക്കളും. അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾകേരളം മുഴുവൻ പിൻതുടരേണ്ടതുതന്നെയാണ്. അതുകൊണ്ട് ദർശനം സുഹൃത്തുക്കൾ പുറത്തിറക്കിയ പ്രവർത്തനരേഖ ഇവിടെ എടുത്തുചേർക്കുന്നു.

ഓരോരുത്തരും ഇങ്ങനെ വിചാരിക്കുക.

'മഹാ പ്രപഞ്ചത്തിലെ ഒരു ചെറുതിരിയാണ് നമ്മുടെ ഭൂമി. മഹാകാല പ്രവാഹത്തിലെ ഒരു ചെറുനിമിഷമാണ് നമ്മുടെ ജീവിതകാലം. ഈ ഭൂമിയിൽ ഇനിയുള്ള കാലം പരസ്പരാനന്ദത്തോടെ ജീവിക്കുവാൻ ഞാൻ ശ്രമിക്കും. എല്ലാവരേയും വേണ്ടപ്പെട്ടവരായി കരുതും. എന്നിൽനിന്ന് വെറുപ്പും വിദ്വേഷവും മറ്റുള്ളവർക്ക് വേദന ഉണ്ടാക്കുന്ന പെരുമാറ്റങ്ങളും ഉണ്ടാവാതിരിക്കാൻ ഞാൻ ശ്രമിക്കും.'

2. ദിവസവും കുറച്ചു സമയം അയൽക്കാരുമായി ഒന്നിച്ചിരിക്കുവാനും അയൽക്കാരുടെ കുശലങ്ങൾ അന്വേഷിക്കുവാനും എന്റെ പ്രശ്നങ്ങൾ അയൽക്കാരുമായി പങ്കിടുവാനും അവസരം കണ്ടെത്തും.

3. അമ്പലപ്പുഴ ഇന്നത്തെ ലോകത്തിന് ഒരു ചെറു മാതൃകയായി തീരാൻ ദർശനം നടത്തുന്ന ശ്രമത്തോട് ആവുംവിധം സഹകരിക്കാൻ തയ്യാറാകുമോ എന്ന് സ്വയം നോക്കുക.

4. നഷ്ടം സഹിച്ചും അപമാനം സഹിച്ചും പരാജയം വരിച്ചും മറ്റുള്ളവരുമായുള്ള ബന്ധം നിലനിർത്തുവാൻ ശ്രമിക്കും. 5. കളർകോട് മുതൽ തോട്ടപ്പള്ളി വരെ അറബിക്കടലിനും ബോട്ടുവഴിക്കും ഇടയ്ക്കുള്ള 62 വാർഡുകളിലായി താമസിക്കുന്ന ഇരുപത്തിയാറായിരത്തിൽപരം ഭവനങ്ങൾ ചെറിയ തറക്കൂട്ടങ്ങളായി രൂപപ്പെടുവാൻ ഇന്നേ ശ്രമം തുടങ്ങുക.

6. നിത്യേന കുറച്ചുസമയം ഒന്നിച്ച് മണ്ണിൽ പണിയെടുക്കുവാൻ ആബാലവൃദ്ധം സ്ത്രീപുരുഷന്മാരും സമയം കണ്ടെത്തണം.

7. മദ്യം, പുകയില തുടങ്ങിയ ലഹരികളിൽ നിന്നും മോചനം പ്രാപിക്കുക. പൊതുവേ ആഹാരനിയന്ത്രണം പാലിക്കുക.

8. ഒക്ടോബർ 2ന് 62 വാർഡുകളിലും ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ രാവിലെ 7മുതൽ ഏതെങ്കിലും ഒരു വീടോ സ്ഥാപനമോ കേന്ദ്രീകരിച്ച് ഒരു മണിക്കൂർ കൃഷിപ്പണി ചെയ്യുക.

9. ഭാവിപ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുവാൻ ഒക്ടോബർ 6ന് ഒരു അർദ്ധദിനയോഗം വാടസ്കൂൽ വച്ച് നടത്തണം.

10. നവംബർ 1 പരസ്പരാനന്ദജീവിതത്തിന്റെ പ്രാരംഭദിനമായി കരുതി ഓരോരുത്തരും മറ്റുള്ളവർക്ക് എന്തെങ്കിലുമൊന്ന് കൊടുക്കുകയും അവർ തരുന്നത് സന്തോഷമായി വാ.ഉകയും വേണം. കൊടുക്കൽ വാങ്ങൽ നിത്യജീവിതത്തിന്റെ ഭാഗമാകണം.